**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സൂപ്പർവൈസറി ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ. (സാധാ) നം.494/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 08/02/2016.

---

പരാമർശം :- ശ്രീ.എം.മുഹമ്മദ് റഫീക്ക്, ആർ.ആർ.നിവാസ്, ആലംകോട് പി.ഒ., ആറ്റിങ്ങൽ സമർപ്പിച്ച തീയതി രേഖപ്പെടുത്താത്ത നിവേദനം

**ഉത്തരവ്**

2003 മുതൽ 2012 വരെ ബി ക്ലാസ് സൂപ്പർവൈസറി ലൈസൻസ് ഉണ്ടായിരുന്ന തനിക്ക്, ആശുപത്രി സംബന്ധമായ കാരണങ്ങളാൽ 2009 ൽ ടി ലൈസൻസ് പുതുക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പുതുതായി അപേക്ഷിക്കേണ്ടി വന്നെന്നും 8 വർഷം തുടർച്ചയായി ബി ക്ലാസ് സൂപ്പർവൈസറി ലൈസൻസ് ഉള്ള ആൾ എന്ന നിലയിൽ എ ക്ലാസ് സൂപ്പർവൈസറി ലൈസൻസ് പുതുക്കുന്നതിന് ഇടയിലുണ്ടായ കാലതാമസം ഒഴിവാക്കി എ ക്ലാസ് സൂപ്പർവൈസറി ലൈസൻസ് കിട്ടാൻ പ്രത്യേക അനുമതി നൽകണമെന്നും ശ്രീ.എം.മുഹമ്മദ് റഫീക്ക് പരാമർശിത നിവേദനം പ്രകാരം അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ശ്രീ.എം.മുഹമ്മദ് റഫീക്ക് 2009 ൽ സൂപ്പർവൈസറി ലൈസൻസ് പുതുക്കുന്നതിന് നേരിട്ട കാലതാമസം മാപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
രത്നമ്മ വി.
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
അസിസ്റ്റന്റ് ഡയറക്ടർ, നഗരകാര്യ വികസന ഓഫീസ്, കൊല്ലം (അപേക്ഷയുടെ പകർപ്പ് സഹിതം)
ശ്രീ.എം.മുഹമ്മദ് റഫീക്ക്, ആർ.ആർ.നിവാസ്, ആലംകോട് പി.ഒ., ആറ്റിങ്ങൽ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.